"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി വാൻറോസ്സ് ജംഗ്ഷൻ - ഊറ്റുകുഴി - സെക്രട്ടേറിയറ്റ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരമുള്ള അപേക്ഷയിൽ കക്ഷിയായ ശ്രീമതി. ഇന്ദുഗോപന് അനുവദിച്ച തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3142/2022/LSGD തീയതി,തിരുവനന്തപുരം, 20-12-2022

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 02/04/2022ലെ എസ്.1/909/2021/ട്രിഡ(1) നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 2576/2022/തസ്വഭവ തീയതി 22/10/2022.
3. സ.ഉ.(സാധാ) നം.7978/2022/ധന തീയതി 24/11/2022.

<u>**ഉത്തരവ്**</u>

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി വാൻറോസ്സ് ജംഗ്ഷൻ - ഊറ്റുകുഴി - സെക്രട്ടേറിയറ്റ് റോഡ് വികസനത്തിനായി ട്രിഡ അർത്ഥനാധികാരിയായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം കക്ഷിയായ ശ്രീമതി. ഇന്ദുഗോപൻ സമർപ്പിച്ച അപേക്ഷയിൽ (LAR 374/07) തിരുവനന്തപുരം ജില്ലാ കളക്ടർ പാസാക്കിയ അവാർഡ് തുകയായ 43,74,542/-രൂപ (നാൽപത്തി മൂന്ന് ലക്ഷത്തി എഴുപത്തിനാലായിരത്തി അഞ്ഞൂറ്റി നാല്പത്തിരണ്ട് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ട്രിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) വാൻറോസ്സ് ജംഗ്ഷൻ - ഊറ്റുകുഴി - സെക്രട്ടേറിയറ്റ് റോഡ് വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസാക്കിയ അവാർഡ് തുകയായ 43,74,542/- രൂപ കക്ഷിയായ ശ്രീമതി ഇന്ദുഗോപന് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി പരാമർശം (3) പ്രകാരം അധിക ധനാനുമതിയായി 43,75,000/- രൂപ "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3 ) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും

അടിസ്ഥാനത്തിൽ വാൻറോസ്സ് ജംഗ്ഷൻ - ഊറ്റുകുഴി - സെക്രട്ടേറിയറ്റ് റോഡിന്റെ വികസനത്തിനായി ഏറ്റെടുത്ത തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2874/5-1 (റീസർവ്വേ നം. 2874 /10) നമ്പരിലുൾപ്പെട്ട 0.65 ആർ സ്ഥലത്തിന് കക്ഷിയായ ശ്രീമതി. ഇന്ദുഗോപന് (Pranavam, VARA-178A, Lake View Lane, Arappura Road, Vattiyoorkavu) 43,74,542/- രൂപ (നാൽപത്തി മൂന്ന് ലക്ഷത്തി എഴുപത്തിനാലായിരത്തി അഞ്ഞൂറ്റി നാല്പത്തിരണ്ട് രൂപ മാത്രം) "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ട്രിഡ
ജില്ലാ കളക്ടർ, തിരുവനന്തപുരം

ശ്രീമതി. ഇന്ദുഗോപൻ, Pranavam, VARA-178A, Lake View Lane, Arappura Road, Vattiyoorkavu

ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ/ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

നിയമ വകുപ്പ് (ST-II1/74/2022-LAW dated 24/7/2022)

ധനവകുപ്പ് (WCD-3/17/2022-FIN dated 30/11/2022)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/58/2022/LSGD)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 20-12-2022 15:15:51**
സെക്ഷൻ ഓഫീസർ